ഭരണഭാഷ മാതൃഭാഷ

## വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ
**(സാന്നിദ്ധ്യം : അനുപമ റ്റി.വി. IAS )**

വിഷയം : വനിതശിശുവികസനവകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :1) സാമൂഹ്യനീതിഡയറക്ടറുടെ 15/12/2017 തീയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്

2) ഈ കാര്യാലയത്തിലെ 20/06/2017 ,15/12/2017എന്നീ തീയതികളിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്

3) ഈ കാര്യാലയത്തിലെ 30/08/2018 തീയതിയിലെ ICDS/A7-16237/15(3) നമ്പർ ഉത്തരവ്

4) ഈ കാര്യാലയത്തിലെ 24/12/2019,20/03/2020, തീയതികളിലെ ICDS/A7-31434/19 നമ്പർ ഉത്തരവ്

5) ഈ കാര്യാലയത്തിലെ 12/11/2020 തീയതിയിലെ ICDS/A7-11801/2020 നമ്പർ ഉത്തരവ്

6) തൃശ്ശൂർ പ്രോഗ്രാം ആഫീസറുടെ 15/03/2021 തീയതിയിലെ PO/TSR/D-860/19 നമ്പർ കത്ത്

7) തൃശ്ശൂർ പ്രോഗ്രാം ആഫീസറുടെ 10,06/2021,30/07/2021 തീയതികളിലെ PO/TSR/D-860/19 നമ്പർ കത്ത്

8) കൂത്ത്പറമ്പ് അഡീഷണൽ ശിശുവികസനപദ്ധതിആഫീസറുടെ 14/09/2020 തീയതിയിലെ ICDS/KPBA/ADDI/270/2018 നമ്പർ കത്ത്

9) കൂത്ത്പറമ്പ് അഡീഷണൽ ശിശുവികസനപദ്ധതിആഫീസറുടെ 20/04/2021 തീയതിയിലെ ICDS/KPBA/ADDI/687/2021 നമ്പർ കത്ത്

10) മലപ്പുറം പ്രോഗ്രാം ആഫീസറുടെ 17/06/2021 തീയതിയിലെ ബി1-343/21 നമ്പർ കത്ത്

11) മലപ്പുറം പ്രോഗ്രാം ആഫീസറുടെ 30/07/2021 തീയതിയിലെ ബി1-5707/16 നമ്പർ കത്ത്

12) വയനാട് പ്രോഗ്രാം ആഫീസറുടെ 01/07/2021 തീയതിയിലെ ICDS/B/472/20 നമ്പർ കത്ത്

### ഉത്തരവ് നം ഐസിഡിഎസ്സ്/എ7-31434/19 തീയതി : 25/08/2021

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും ആദ്യഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി .ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60 : 40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം

ആദ്യഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൌണ്ട് നം 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആദ്യഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങളിൽ 717 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി സൂചന (2), (3) ,(4), (5) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ 18 അങ്കണവാടികൾക്ക് ടി പദ്ധതി പ്രകാരം നിർമ്മാണം സാദ്ധ്യമാകാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും പകരം സ്ഥലം ലഭ്യമായിട്ടുള്ള 12 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകുന്നതിനും പരാമർശം (6) (7) പ്രകാരം തൃശ്ശൂർ പ്രോഗ്രാം ആഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. കൂത്ത്പറമ്പ് അഡീഷണൽ ഐസിഡിഎസ്സ് പ്രോജക്ടിലെ 2 അങ്കണവാടികളെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് സൂചന (8) (9) പ്രകാരം കൂത്ത്പറമ്പ് അഡീഷണൽ ശിശുവികസനപദ്ധതി ആഫീസറും അഭ്യർത്ഥിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ 5 അങ്കണവാടികൾക്കും വയനാട് ജില്ലയിലെ 6 അങ്കണവാടികൾക്കും പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള ശുപാർശ പരാമർശം (10) (11) പ്രകാരം ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർ സമർപ്പിച്ചിട്ടുണ്ട്

ഈ സാഹചര്യത്തിൽ അനുബന്ധം 1 പ്രകാരം ചേർത്തിട്ടുള്ള 20 അങ്കണവാടികളെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കിയും അനുബന്ധം 2 പ്രകാരം ചേർത്തിട്ടുള്ള 23 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 14.40 കോടി രൂപയിൽ നിന്നും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം ) നിരക്കിൽ ആകെ 46,00,000/- (നാൽപ്പത്തിആറ് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പരാമർശം (2) (3) (4) (5) പ്രകാരമുള്ള ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

മിഷൻ ഡയറക്ടർ
MGNREGS, കവടിയാർ
തിരുവനന്തപുരം

ഒപ്പ്

വനിതശിശുവികസനഡയറക്ടർ

**പകർപ്പ്**

1) പ്രോഗ്രാം ആഫീസർ,തൃശ്ശൂർ/കണ്ണൂർ/മലപ്പുറം/വയനാട്
2) ബന്ധപ്പെട്ട സിഡിപിഒമാർക്ക്
3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്

അനുബന്ധം-1

**MGNREGS പദ്ധതി പ്രകാരം അനുമതി നൽകിയ അങ്കണവാടികളിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്ന 20 അങ്കണവാടികളുടെ ലിസ്റ്റ്**

ഐസിഡിഎസ്സ്/എ7-31434/19 തീയതി : 25/08/2021

| ക്രമ നം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|---|
| 1 | തൃശ്ശൂർ | അന്തിക്കാട് | അന്തിക്കാട് | 108 |
| 2 | തൃശ്ശൂർ | അന്തിക്കാട് | ചാഴൂർ | 81 |
| 3 | തൃശ്ശൂർ | അന്തിക്കാട് | മണലൂർ | 84 |
| 4 | തൃശ്ശൂർ | അന്തിക്കാട് | ചാഴൂർ | 1 |
| 5 | തൃശ്ശൂർ | അന്തിക്കാട് | ചാഴൂർ | 13 |
| 6 | തൃശ്ശൂർ | അന്തിക്കാട് | ചാഴൂർ | 15 |
| 7 | തൃശ്ശൂർ | ചാലക്കുടി | കൊരട്ടി | 46 |
| 8 | തൃശ്ശൂർ | ചേർപ്പ് | ചേർപ്പ് | 14 |
| 9 | തൃശ്ശൂർ | ചേർപ്പ് | ചേർപ്പ് | 27 |
| 10 | തൃശ്ശൂർ | ചാലക്കുടി അഡീഷണൽ | മേലൂർ | 96 |
| 11 | തൃശ്ശൂർ | ചാവക്കാട് | വടക്കേക്കാട് | 80 |
| 12 | തൃശ്ശൂർ | മുല്ലശ്ശേരി | പാവറട്ടി | 76 |
| 13 | തൃശ്ശൂർ | മതിലകം | മതിലകം | 143 |
| 14 | തൃശ്ശൂർ | വടക്കാഞ്ചേരി | എരുമപ്പെട്ടി | 20 |
| 15 | തൃശ്ശൂർ | വെള്ളാങ്ങല്ലൂർ | പുത്തൻചിറ | 30 |
| 16 | തൃശ്ശൂർ | വെള്ളാങ്ങല്ലൂർ | പുത്തൻചിറ | 24 |
| 17 | തൃശ്ശൂർ | ഇരിങ്ങാലക്കുട | കാറളം | 53 |
| 18 | തൃശ്ശൂർ | ഇരിങ്ങാലക്കുട | കാട്ടൂർ | 65 |
| 19 | കണ്ണൂർ | കൂത്തുപറമ്പ് അഡീഷണൽ | കുന്നോത്ത്പറമ്പ് | 54 |
| 20 | കണ്ണൂർ | കൂത്തുപറമ്പ് അഡീഷണൽ | കുന്നോത്ത്പറമ്പ് | 56 |

Sende

വനിതശിശുവികസനഡയറക്ടർക്ക് വേണ്ടി

അനുബന്ധം-2

## MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകുന്ന 23 അങ്കണവാടികളുടെ ലിസ്റ്റ്

ഐസിഡിഎസ്/എ7-31434/19 തീയതി : 25/08/2021

| ക്രമ നം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|---|
| 1 | തൃശ്ശൂർ | മാള | ആളൂർ | 134 |
| 2 | തൃശ്ശൂർ | ചാലക്കുടി | കൊരട്ടി | 30 |
| 3 | തൃശ്ശൂർ | ചാലക്കുടി | കാടുകുറ്റി | 13 |
| 4 | തൃശ്ശൂർ | ചാലക്കുടി | കാടുകുറ്റി | 18 |
| 5 | തൃശ്ശൂർ | ചാലക്കുടി അഡീഷണൽ | മേലൂർ | 93 |
| 6 | തൃശ്ശൂർ | പഴയന്നൂർ | കൊണ്ടാഴി | 160 |
| 7 | തൃശ്ശൂർ | പഴയന്നൂർ | തിരുവില്വാമല | 165 |
| 8 | തൃശ്ശൂർ | ചാവക്കാട് അഡീഷണൽ | കടപ്പുറം | 8 |
| 9 | തൃശ്ശൂർ | ചാവക്കാട് അഡീഷണൽ | കടപ്പുറം | 23 |
| 10 | തൃശ്ശൂർ | അന്തിക്കാട് | അന്തിക്കാട് | 61 |
| 11 | തൃശ്ശൂർ | അന്തിക്കാട് | താന്ന്യം | 30 |
| 12 | തൃശ്ശൂർ | അന്തിക്കാട് | താന്ന്യം | 49 |
| 13 | മലപ്പുറം | വണ്ടൂർ അഡീഷണൽ | തൃക്കലങ്ങോട് | 2 |
| 14 | മലപ്പുറം | വണ്ടൂർ അഡീഷണൽ | തൃക്കലങ്ങോട് | 13 |
| 15 | മലപ്പുറം | വണ്ടൂർ അഡീഷണൽ | തൃക്കലങ്ങോട് | 32 |
| 16 | മലപ്പുറം | പെരിന്തൽമണ്ണ അഡീഷണൽ | വെട്ടത്തൂർ | 79 |
| 17 | മലപ്പുറം | പെരിന്തൽമണ്ണ | പുലാമന്തോൾ | 106 |
| 18 | വയനാട് | പനമരം | പനമരം | 2 |
| 19 | വയനാട് | പനമരം | പനമരം | 38 |
| 20 | വയനാട് | പനമരം | കണിയാമ്പറ്റ | 56 |
| 21 | വയനാട് | മാനന്തവാടി അഡീഷണൽ | എടവക | 60 |
| 22 | വയനാട് | സുൽത്താൻ ബത്തേരി | നൂൽപ്പുഴ | 3 |
| 23 | വയനാട് | സുൽത്താൻ ബത്തേരി | നൂൽപ്പുഴ | 22 |

Sd/-

വനിതശിശുവികസനഡയറക്ടർക്ക് വേണ്ടി